എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ' ഏകദേശം 75 കോടി രൂപയുടേയും ടെക്നോപാർക്കിൽ 15.20 കോടി രൂപയുടേയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 359.61 കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്.

29 (*146) കയർ തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കയർ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) കയർ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതിനായി നിലവിലുള്ള കയർ വെൽഫെയർ ആക്ട് ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കയറിന്റെ വിദേശ-ആഭ്യന്തര വിപണികൾ വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ പരമ്പരാഗത തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഹിഡ്കോയുടെ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു.

(ബി) കയർ സഹകരണസംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിനും, സഹകരണ മേഖലയിലെ ഉല്പന്നങ്ങൾ പൂർണ്ണമായും ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ ഭാഗികമായും സംഭരിച്ച് വിപണനം നടത്തുന്നതിനുമായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 88.12 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കയർ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ 21 രൂപയുടെ വർദ്ധനവ് വരുത്തുകയും പ്രതിമാസ പെൻഷൻ 75 രൂപയിൽനിന്ന് 100 രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശിക ഇല്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി വിവിധ ആനുകൂല്യങ്ങൾ നടപ്പാക്കി വരുന്നു.

(സി) ക്ഷേമനിധി ആക്ടിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സമഗ്രമായ കയർ തൊഴിലാളി ക്ഷേമനിധി ആക്ട് (ഭേദഗതി) 1998 ഏപ്രിൽ 24-ാം തീയതി ഭേദഗതി ചെയ്തിട്ടുണ്ട്.

(ഡി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനായി കയർ ബോർഡുമായി സഹകരിച്ച് വിദേശ ട്രെയിഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും ഓർഡറുകൾ സ്വീകരിക്കുന്നതിമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(i) കൂടുതൽ വില്പനശാലകൾ അനുവദിക്കുന്നതിന് സാമ്പത്തിക സഹായം.

(ii) ക്യാൻവാസിംഗ് ഏജന്റുമാർ മുഖേനയും ഏജൻസി വ്യവസ്ഥയുടെയും സഹായത്തോടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(iii) വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യം വഴി കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും കയർ ജിയോ-ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(iv) ടെൻഡർ, ക്വട്ടേഷൻ ഇവ കൂടാതെ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിഗ്സ് എന്നിവയിൽ നിന്നും കയറുല്പന്നങ്ങൾ വാങ്ങുന്നതിന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

1 (557) വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിക്കുകയുണ്ടായി;

(ബി) വ്യാവസായിക മേഖലയിൽ ഗുജറാത്ത് പോലെയുള്ള സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(സി) എങ്കിൽ ഈ നേട്ടങ്ങളെക്കുറിച്ച് പഠിച്ച് കേരളത്തിലെ വ്യവസായിക മേഖലയുടെ വികസനത്തിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതു അനുബന്ധമായി നൽകിയിരിക്കുന്നു.†

(ബി)&(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളെല്ലാം തന്നെ വ്യവസായിക മേഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ളതാണ്.

2 (558) വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന 'മാർജിൻ മണി' ഇപ്പോൾ എത്രയാണ്?

(ബി) നോൺ റസിഡന്റ് കേരളീയർ സ്ഥാപിക്കുന്ന എസ്.എസ്.ഐ. യൂണിറ്റുകൾക്ക് 'മാർജിൻ മണി' ലോൺ സ്കീം നൽകുന്നുണ്ടോ?

(സി) സാങ്കേതിക യോഗ്യതയുള്ള എല്ലാ നോൺ റസിഡന്റ് കേരളീയരേയും 'മാർജിൻ മണി' ലോൺ സ്കീമിൽ ഉൾപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

(ഡി) പരമാവധി എത്ര തുകയാണ് 'മാർജിൻ മണി' സ്കീമിൽ ഉൾപ്പെടുത്തി നൽകുന്നതെന്ന് വിശദീകരിക്കുമോ?

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly